# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2663** — **19/06/2014** ൽ മറുപടിക്ക്

ഓപ്പൺ സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഓപ്പൺ സ്കൂളുകൾക്ക് സംസ്ഥാനത്ത് എവിടെയെല്ലാം സെന്ററുകളുണ്ടെന്ന് വിശദമാക്കുമോ; | എ) | *14 ജില്ലകളിൽ ജില്ലാകേന്ദ്രവും മലപ്പുറം സിവിൽ സ്റ്റേഷനിൽ റീജിയണൽ കേന്ദ്രവും പ്രവർത്തിക്കുന്നു.* |
| ബി) | പ്രസ്തുത സ്കൂളുകളിൽ ഏതെല്ലാം കോഴ്സുകൾ പഠിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | ബി) | *ഓപ്പൺ സ്കൂൾ മുഖാന്തിരം ഹയർസെക്കന്ററി കോഴ്സ് റഗുലർ സ്കീം ആയും പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയും പഠിക്കാൻ സാധിക്കും. വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾക്ക് അഡീഷണലായി മാത്തമാറ്റിക്സ് പഠിക്കുന്നതിന് സൗകര്യം ഉണ്ട്* |
| സി) | ഓപ്പൺ സ്കൂളുകളുടെ പ്രവർത്തനവും നടത്തിപ്പും സംബന്ധിച്ച കാര്യങ്ങൾ വെളിപ്പെടുത്തുമോ; | സി) | *ഓപ്പൺ സ്കൂൾ മുഖാന്തിരം പ്രധാനമായും ഹയർസെക്കന്ററി കോഴ്സാണ് നടത്തിവരുന്നത്. റഗുലർ സ്കൂളിൽ പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾക്കും, പഠനത്തോടൊപ്പം ജോലി ചെയ്യുന്നവർക്കും വിവിധകാരണങ്ങളാൽ പഠനം മുടങ്ങിയവർക്ക് തുടർപഠനം നടത്തുന്നതിനുള്ള അവസരം ഓപ്പൺ സ്കൂളിൽ നടന്നുവരുന്നു. ഓൺലൈൻ സംവിധാനത്തിലൂടെ യോഗ്യരായ വിദ്യാർത്ഥികൾക്ക് രജിസ്റ്റർ ചെയ്യാൻ സൗകര്യം ഒരുക്കിയിരിക്കുന്നു. ഓൺലൈൻ രജിസ്ട്രേഷനുശേഷം വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധരേഖകളായ ടി.സി, ഫീസ് ഒടുക്കിയ ചെലാൻ, യോഗ്യതാ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സംസ്ഥാന ഓഫീസിൽ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയശേഷം അപേക്ഷ സ്വീകരിച്ച് പരീക്ഷാകേന്ദ്രങ്ങളിൽ അലോട്ട് ചെയ്യുന്നു. വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ മെമ്മോ ഓൺലൈനായി പ്രിന്റ് എടുക്കാൻ* |

അവസരം ഉണ്ടാക്കിയിരിക്കുന്നു.

ഓപ്പൺ റഗുലർ സ്കീമിൽ ചേർന്ന വിദ്യാർത്ഥി കൾക്ക് ഒന്നും രണ്ടും വർഷങ്ങളിൽ സ്വയംപഠന സഹായികളും ഓരോ വിഷയത്തിനും 30 മണി ക്കൂർ വീതമുള്ള സമ്പർക്ക ക്ലാസ്സും പ്രാക്റ്റിക്കൽ വിഷയങ്ങൾ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് പ്രാക്റ്റിക്കൽ ക്ലാസ്സും നൽകുന്നു.

പ്രൈവറ്റായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് ഓരോ വർഷവും ഓരോ വിഷയത്തിനും രണ്ട മണി ക്കൂർ വീതം നിരന്തരമൂല്യനിർണ്ണയത്തിന്റെ മാർഗ്ഗനിർദ്ദേശം നൽകുന്നു.

അഡീഷണൽ മാത്തമാറ്റിക്സ് രജിസ്റ്റർ ചെയ്ത വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാർത്ഥി കൾക്ക് ഓരോ വർഷവും ഇരുപത് മണിക്കൂർ വീതം നിരന്തരമൂല്യനിർണ്ണയക്ലാസ്സുകൾ നൽകുന്നു.

ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്ത റഗുലർ, പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് കോഴ്സ് കാലാവധി പൂർത്തിയാകുമ്പോൾ ടി.സി അനുവദിക്കും.

| | | | |
|---|---|---|---|
| ഡി) | ഓരോ ജില്ലയിലും എത്രപേർ പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് കോഴ്സുകൾ തരം തിരിച്ച് വെളിപ്പെടുത്തുമോ? | ഡി) | വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം-

## Plus One- 2013-15

| Sl.No | District | Open Regular | Open Private | VHSE Additional Maths |
|---|---|---|---|---|
| 1 | Thiruvananthapuram | 754 | 5497 | 136 |
| 2 | Kollam | 529 | 3630 | 35 |
| 3 | Pathanamthitta | 95 | 373 | 1 |
| 4 | Alappuzha | 399 | 4324 | 35 |
| 5 | Kottayam | 160 | 2870 | 27 |
| 6 | Idukki | 89 | 1816 | 1 |
| 7 | Ernakulam | 900 | 7016 | 101 |
| 8 | Thrissur | 1075 | 8953 | 43 |
| 9 | Palakkad | 288 | 10795 | 44 |
| 10 | Kozhikkode | 2143 | 11118 | 140 |
| 11 | Malappuram | 183 | 22410 | 150 |
| 12 | Wayanad | 180 | 3125 | 25 |
| 13 | Kannur | 800 | 4936 | 28 |
| 14 | Kasargode | 161 | 2900 | 2 |